## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 198 08.03.2018- ൽ മറുപടിക്ക്**

## കൈത്തറി വ്യവസായത്തിന്റെ പുനരുജ്ജീവനം

**ചോദ്യം**

**ശ്രീ.പി.കെ.ശശി**
**ശ്രീ.സി.കൃഷ്ണൻ**
**ശ്രീ.പുരുഷൻ കടലുണ്ടി**
**ശ്രീ.കെ.ആൻസലൻ**

(എ) മുൻ സർക്കാറിന്റെ നയസമീപനത്തിന്റെ ഭാഗമായി കൈത്തറി വ്യവസായം പ്രതിസന്ധിയിലായിരുന്നത് ശ്രദ്ധയിൽ പ്പെട്ടിരുന്നുവോ; ഇത് ഈ സർക്കാർ എങ്ങിനെയാണ് പരിഹരിച്ചതെന്ന് വിശ ദീകരിക്കാമോ;

**ഉത്തരം**

**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി വ്യവസായത്തിൽ ഉണ്ടായിരുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി ഇതിലൂടെ 3600 ൽ അധികം നെയ്ത്തുകാർക്കും അതിൽ ഇരട്ടിയോളം അനുബന്ധ തൊഴിലാളികൾക്കും സാമ്പത്തികമായ അഭിവൃദ്ധി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൈത്തറി ഉൽപന്നങ്ങളുടെ മൂല്യവർദ്ധന ലക്ഷ്യമിട്ട് ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ നേതൃത്വത്തിൽ ഓരോ ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ വീതം അനുവദിച്ച് നടപ്പിലാക്കി വരുന്നു. ഈ ഡിസൈൻ സെന്ററുകൾ വഴി നെയ്ത്തുകാരെയും കൈത്തറി സംഘങ്ങളെയും വിപണന സാധ്യതകൾ പരിചയപ്പെടുത്തി പുതിയ ഡിസൈനുകൾ രൂപപ്പെടുത്തുന്നതിന് പ്രാപ്തമാക്കാൻ ഡിസൈനർ മാരെ പരിശീലിപ്പിച്ച് നിയോഗിക്കാൻ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി വഴി നടപടി സ്വീകരിച്ച് വരുന്നു. ഇതിനായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | കേന്ദ്ര സർക്കാർ നൽകി വരുന്ന റിബേറ്റ് നിർത്തലാക്കിയതും മാർക്കറ്റിംഗ് ഇൻ സെന്റീവ് പരിമിതപ്പെടുത്തിയതും ജി.എസ്.ടി ബാധകമാക്കിയതും കൈ ത്തറി വ്യവസായത്തിൽ ഏൽപ്പിച്ച ആഘാതം പരിഹരിക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ജി.എസ്.റ്റി ബാധകമാക്കിയത് കൈത്തറി വ്യവസായത്തിൽ ഏൽപ്പിച്ച ആഘാതം പരിഹരിക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>20 ലക്ഷത്തിലധികം വിറ്റ് വരവുള്ള കൈത്തറി യൂണിറ്റുകൾ ജി.എസ്.റ്റി രജിസ്ട്രേഷൻ ചെയ്യണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരുന്നു. 26.07.2017 ൽ ചേർന്ന സംസ്ഥാനതല കൈത്തറി ഉപദേശക സമിതിയിൽ കൈത്തറി ഉൽപന്ന ങ്ങൾക്ക് 5% മുതൽ 12% വരെ ജി.എസ്.റ്റി നൽകേണ്ടി വരുമെന്നും ഇത് കൈത്തറി മേഖലയെ സാരമായി ബാധിക്കുമെന്നും ആയതിനാൽ ജി.എസ്.റ്റി.യിൽ നിന്നും കൈത്തറി മേഖലയെ പൂർണമായി ഒഴിവാക്കുവാൻ കേന്ദ്ര ജി.എസ്.ടി കൗൺസിലിനോട് ശുപാർശ ചെയ്യുന്നതിനും ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കാനും നികുതി വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിന് ഒരു നിർവ്വഹണ ഏജൻസി വേണം എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ ആ ചുമതല ഹാൻവീവിനെ ഏൽപ്പിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. എന്നിരുന്നാലും കേന്ദ്ര സർക്കാരിന്റെ പുതിയ മാനദണ്ഡങ്ങൾ അനുസരിച്ച് 30 ലക്ഷത്തിൽ കൂടുതൽ വാർഷിക ടേൺ ഓവർ ഉള്ള പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയില്ല എന്ന പുതിയ നിബന്ധന, സംസ്ഥാനത്ത് വിജയകരമായി പ്രവർത്തിക്കുന്ന ഭൂരിപക്ഷം കൈത്തറി സംഘങ്ങളെയും പ്രതികൂലമായി ബാധിക്കുന്നത് കാരണം പ്രസ്തുത നിബന്ധന ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം നൽകാനുള്ള സർക്കാർ പദ്ധതി ഈ മേഖലയ്ക്ക് പകർന്ന ഉണർവ് കണക്കിലെടുത്ത്, യുവാക്കളെയും കുടുംബശ്രീ പ്രവർത്ത | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി നെയ്ത്തിനെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതി നുമായി സംസ്ഥാന സർക്കാരിന്റെ സൗജന്യ സ്കൂൾ യൂണിഫോം നെയ്യുന്നതിന് പ്രോത്സാഹനം നൽകിയ |

കരെയും നെയ്ത്ത് വ്യവസായത്തിലേക്ക് ആകർഷിക്കുന്നതിനും അതുവഴി ന്യായ മായ വേതനം ഉറപ്പുവരുത്തുന്നതിനുമായി ആവിഷ്കരിച്ച പരിപാടിയുടെ വിശദാംശം നൽകുമോ?

തിലൂടെ കൂടുതൽ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ "യുവവീവ്" എന്ന പദ്ധതി പ്രകാരം കൈത്തറി നെയ്ത്ത് മേഖലയിൽ 18-40 വരെ പ്രായമുള്ള യുവതീയുവാക്കളെ കണ്ടെത്തി പരിശീലനം നൽകി നെയ്ത്തുകാരാക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിക്ക് 390 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാൻ കുടുംബ ശ്രീയുടെ സഹായത്തോടുകൂടി 20 പേരടങ്ങുന്ന 25 ഗ്രൂപ്പുകളിൽ ആയി പുതിയ 500 പേരെ നെയ്ത്തു മേഖലയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. നെയ്ത്ത് തൊഴിൽ അറിയാവുന്നതും എന്നാൽ നിലവിൽ നെയ്യുവാനുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമായ നെയ്ത്തുകാർക്ക് അവരുടെ വീട്ടിൽ തറിയും അനുബന്ധ ഉപകരണങ്ങളും ഒരുക്കി നൽകി അവരെ തൊഴിലിലേക്ക് ആകർഷിക്കുന്നതിനായി "ഒരു വീട്ടിൽ ഒരു തറി" എന്ന പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കി വരുന്നുണ്ട്. വിവിധ കൈത്തറി സംഘങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്നതും കേടുപാടുകൾ ബാധിച്ചതുമായ തറികൾക്ക് അറ്റകുറ്റപ്പണിയും ആവശ്യമായ ഘടനാപരമായ മാറ്റങ്ങളും നടത്തുന്നതിന് കാഡ്കോയെ ചുമതലപ്പെടുത്തുകയും ഇത്തരം 6000 തറികൾ പ്രവർത്തനക്ഷമമാക്കുന്നത് ലക്ഷ്യമിട്ട് ആകെ 6 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ